# ഭക്തന്റെ ആശ്രയം

## സങ്കീർത്തനം 33:16

**“സൈന്യബഹുത്വത്താൽ രാജാവു ജയം പ്രാപിക്കുന്നില്ല; ബലാധിക്യം കൊണ്ട് വീരൻ രക്ഷപെടുന്നതുമില്ല.”**

ഒരു രാജാവിന്റെ ശക്തി അവന്റെ സൈന്യം ആണ്. എന്നാൽ അതു ജയത്തിനു മതിയാകുന്നതല്ല. വീരന്റെ ആശ്രയം തന്റെ ബലമാണ്, എന്നാൽ ആ ബലം അവന്റെ രക്ഷക്ക് കാരണമാകുന്നില്ല എന്നാണ് ഇവിടെ പറയുന്നത്. എത്രയോ അർത്ഥവത്തായ വാക്യമാണ് ഇത് എന്ന് മനസ്സിലാക്കാൻ പറ്റുന്ന സാഹചര്യമാണ് ഇന്ന് ലോകത്തിൽ നിലനിൽക്കുന്നത്. മാറിവരുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് മുമ്പിൽ പകച്ചു നിൽക്കുന്ന മനുഷ്യൻ, മഹാമാരിയായി കടന്നുവരുന്ന രോഗങ്ങൾക്ക് മുമ്പിൽ നിസ്സഹായകൻ ആകുന്ന മനുഷ്യൻ, എല്ലാ സൗകര്യങ്ങളുടെ നടുവിലും ഒന്നുമില്ലാത്ത അവസ്ഥ, പുറമെ സന്തോഷം നടിച്ചാലും അകമെ അസ്സമാധാനം. ഇവിടെയാണ് ഒരു ഭക്തന്റെ ഭക്തിയും, ശക്തിയും വെളിവായി വരുന്നത്. ഒരു ഭക്തന്റെ ജീവിതത്തിൽ അവന്റെ ശക്തിയോ, ബലമോ, ധനമോ, ജ്ഞാനമോ ഒന്നുമല്ല അവന്റെ വിജയത്തിന് ആധാരം. അവന്റെ ജയം അവന്റെ ദൈവത്തിലുള്ള ആശ്രയത്തിൽ നിന്നുളവാകുന്നതാണ്. എന്റെ ദൈവത്തിന് അസാധ്യമായി ഒന്നുമില്ല എന്ന വിശ്വാസത്തിൽ നിന്നുണ്ടാകുന്നതാണ്. എന്റെ കർത്താവ് അറിയാതെ ഒന്നും എന്റെ ജീവിതത്തിൽ നടക്കുകയില്ല എന്ന സമർപ്പണത്തിൽ നിന്നും ഉണ്ടാകുന്നതാണ്, അവങ്കലേക്ക് നോക്കിയാൽ അവൻ ഒരുനാളും ലജ്ജിപ്പിക്കയില്ല എന്ന ഉറപ്പിൽ നിന്നുണ്ടാകുന്നതാണ്.

ഒരുകല്ലും കവിണയുമായി ഫെലിസ്ത്യമല്ലനെ നേരിട്ട്, തോല്പിച്ച ദാവിദ് പ്രഖ്യാപിച്ചത് ഇതാണ്. **“സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തിൽ ഞാൻ വരുന്നു” “യഹോവ വാൾകൊണ്ടും കുന്തം കൊണ്ടുമല്ല രക്ഷിക്കുന്നത്” “യുദ്ധം യഹോവക്കുള്ളത് അവൻ നിങ്ങളെ ഞങ്ങളുടെ കൈയ്യിൽ ഏല്പിച്ചു തരും.”** ദാവീദിന് തന്റെ ദൈവത്തിലുള്ള ആശ്രയത്വം ആണ് അവനെ മുന്നോട്ടു നടത്തിയത്. സാറായുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വം അറിയാമായിരുന്നിട്ടും, വാഗ്ദത്തം ചെയ്തവന് അസാധ്യമായി ഒന്നുമില്ല എന്ന വിശ്വാസമാണ് അബ്രഹാമിന്റെ വിജയം. താൻ ഇടവിടാതെ സേവിക്കുന്ന തന്റെ ദൈവം രക്ഷിക്കുകയും, വിടുവിക്കുകയും ചെയ്യുന്നവനാണ് എന്ന ഉറപ്പാണ് ദാനിയേലിനെ സിംഹത്തിന്റെ ഗുഹയിൽ നിന്നും രക്ഷിച്ചത്. നമ്മുടെ ബുദ്ധിക്കതീതമായ അത്യത്ഭുതങ്ങളിലൂടെ നമ്മെ നടത്തുവാൻ കഴിയുന്നവനാണ് നമ്മുടെ

ദൈവം എന്ന മാറ്റമില്ലാത്ത സത്യം നാം ഓരോരുത്തരും ഏറ്റെടുക്കണം. എന്നാൽ മാത്രമേ ആ വിജയം നമ്മുടെ ജീവിതത്തിൽ നമുക്ക് അനുഭവിക്കുവാൻ കഴിയുകയുള്ളു. വചനം നമ്മെ ഓർമ്മിപ്പിക്കുന്നത് യഹോവ ഭക്തി ജ്ഞാനവും, യഹോവയെ അന്വേഷിക്കുന്നവർ ബുദ്ധിമാന്മാരുമാണ് എന്നാണ്. അങ്ങനെയെങ്കിൽ ആ ബുദ്ധിയെ അന്വേഷിച്ചുകൊണ്ട്, വചനത്തെ പ്രമാണിച്ചുകൊണ്ട്, ദൈവശക്തിയെ ഏറ്റെടുത്തുകൊണ്ട് എല്ലാ പ്രതികൂലങ്ങളുടെ നടുവിലും തളരാതെ നമുക്ക് മുന്നോട്ടു പോകാം.

**പരാമർശം:**

സങ്കീർത്തനം 14:2

ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണ്മാൻ യഹോവ സ്വർഗ്ഗത്തിൽ നിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു.

2 ദിനവൃത്താന്തം 32:8

അവനോടുകൂടെ മാംസഭുജമേയുള്ളു; നമ്മോടുകൂടെയോ നമ്മെ സഹായിപ്പാനും നമ്മുടെ യുദ്ധങ്ങളെ നടത്തുവാനും നമ്മുടെ ദൈവമായ യഹോവ ഉണ്ടു എന്നു പറഞ്ഞു; ജനം യെഹൂദാരാജാവായ യെഹിസ്കീയാവിന്റെ വാക്കുകളിൽ ആശ്രയിച്ചു.

സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 014